# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1253 10.08.2017 ൽ മറുപടിക്ക്

### വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.രാജു എബ്രഹാം**<br>**,, ബി.സത്യൻ**<br>**,, പി. ഉണ്ണി**<br>**,, കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിൽ നിന്ന് നൽകുന്ന സർട്ടിഫിക്കറ്റുകളും സേവനങ്ങളും എന്തെല്ലാമാണ്; അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ ഇവയെല്ലാം അനിവാര്യമായും പ്രസ്തുത ഓഫീസുകൾ തന്നെ നൽകേണ്ടവയാണോ എന്ന് പരിശോധനാവിധേയമാക്കുമോ; | (എ) വില്ലേജ് ഓഫീസുകളിൽ നിന്നും, 27.04.2017 ൽ പുറപ്പെടുവിച്ച സ.ഉ.(എം.എസ്) 136/2007/ആർ.ഡി നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ സർട്ടിഫിക്കറ്റുകളും നല്കി വരുന്നു. ഇവ കൂടാതെ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും നിർദ്ദേശിക്കുന്ന രീതിയിലുള്ള സർട്ടിഫിക്കറ്റുകളും നൽകാറുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റുകളെല്ലാം വില്ലേജ് ഓഫീസുകൾ മുഖേന തന്നെ നൽകേണ്ടവയാണോ എന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| ബി) സാധാരണക്കാർക്ക് നിരന്തരം ബന്ധപ്പെടേണ്ടിവരുന്ന വില്ലേജ് ഓഫീസുകളിലെ ജീവനക്കാരിൽ ഗണ്യമായ ഒരു വിഭാഗം അഴിമതിക്കാരും ജനങ്ങളെ അനാവശ്യമായി ബുദ്ധിമുട്ടിക്കുന്നവരും ആണെന്ന് വ്യാപകമായി ആക്ഷേപമുള്ള കാര്യം പരിശോധിച്ചിരുന്നോ; | (ബി) പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന നിയമവിരുദ്ധമായ പ്രവൃത്തികൾ തടയുന്നതിനും സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണ മേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും, എറണാകുളം ആസ്ഥാനമാക്കി മദ്ധ്യമേഖലാ വിജിലൻസ് കാര്യാലയവും, കോഴിക്കോട് ആസ്ഥാനമാക്കി ഉത്തര മേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആൻഡ് വിജിലൻസ് എന്ന നാമകരണം നൽകി പരിശോധന നടത്തുന്നുണ്ട്. കൂടാതെ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻസ്പെക്ഷൻ & ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റിക്കോഡുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് ചക്കിട്ടപ്പാറയിലും തിരുവനന്തപുരത്ത് വെള്ളറടയിലും നടന്നതുപോലെയുള്ള അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ടുന്ന സാഹചര്യം സൃഷ്ടിക്കാൻ എടുത്തിട്ടുള്ള നടപടികൾ അറിയിക്കാമോ? | (സി) | ബഹു: റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ 123/N/M/Rev/17 നമ്പർ കുറിപ്പിന്റെ അടിസ്ഥാനത്തിലും 1350769/ജി3/2017/റവ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലും വില്ലേജ് ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുവാനും പീരിയോഡിക്കൽ പരിശോധന നടത്തുവാനും ആവശ്യമെങ്കിൽ താലൂക്ക് തലത്തിൽ തന്നെ അഴിമതി വിമുക്ത സ്ക്വാഡ് രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, കൂടാതെ എല്ലാ റവന്യൂ ഓഫീസുകളിലും ഏതെങ്കിലും ഉദ്യോഗസ്ഥർ കൈക്കൂലി/പാരിതോഷികം ആവശ്യപ്പെടുന്ന പക്ഷം ആ വിവരം അറിയിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ ജില്ലാ കളക്ടറേറ്റിന്റേയും ലാൻഡ് റവന്യൂ കമ്മീഷണറുടെയും, സെക്രട്ടേറിയറ്റിന്റെയും, മന്ത്രി ഓഫീസിന്റെയും നമ്പരുകൾ മുൻഗണനാക്രമത്തിൽ നൽകിയും പ്രസ്തുത നമ്പരുകളിൽ ബന്ധപ്പെടുന്നതിനുള്ള നിർദ്ദേശം ഓഫീസിൽ പരസ്യപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും എല്ലാ റവന്യൂ കാര്യാലയങ്ങൾക്കും നൽകിയിട്ടുണ്ട്. |

**സെക്ഷൻഓഫീസർ**